പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4974 01.07.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

# <u>ഇൻഫർമേഷൻ സെക്യൂരിറ്റിക്ക് സൈബർ നിയമങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കമ്പ്യൂട്ടർ ഉപയോക്താക്കളുടെ സ്വകാര്യതയിലേയ്ക്കുള്ള കടന്നുകയറ്റം ഉയർത്തുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്വതാര്യതയിലേയ്ക്ക് കടന്നുകയറാൻ ബ്ലോഗ്, സോഷ്യൽ നെറ്റ് വർക്ക്, ഫോട്ടോ & വീഡിയോ ഷെയറിംഗ് സൈറ്റുകൾ എന്നിവ ഒരു പരിധിവരെ ക്രിമിനലുകളെ സഹായിക്കുന്നതായി സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്വകാര്യതയിലേയ്ക്ക് കടന്നുകയറാൻ ഗൂഗിളിന്റെ ബ്ലോഗുകളും, സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളായ Orkut, Facebook, Twiter എന്നിവ വഴി ഫോട്ടോയും വീഡിയോകളും അപ്പ് ലോഡ് ചെയ്യും ഷെയർ ചെയ്യും കൂടാതെ യൂ ട്യൂബ് വഴി വീഡിയോകൾ അപ്പ് ലോഡ് ചെയ്യും ഷെയർ ചെയ്യും ഒരു പരിധിവരെ ക്രിമിനലുകളെ സഹായിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) ഇൻഫർമേഷൻ സെക്യൂരിറ്റിക്ക് കർശനമായ സൈബർ നിയമങ്ങൾ കൊണ്ടുവരുമോ; | (സി) ഇത് കേന്ദ്ര സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയമാകയാൽ സംസ്ഥാനതലത്തിൽ നിയമങ്ങൾ കൊണ്ടുവരുവാൻ സാധിക്കുകയില്ല. |
| (ഡി) വ്യക്തികളും സ്വകാര്യ/ഗവൺമെന്റ് സ്ഥാപനങ്ങളും അവരവരുടെ ഡിജിറ്റൽ വിവരങ്ങളുടെ സ്വകാര്യത സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശരിയായ അവബോധവും മാർഗ്ഗനിർദ്ദേശവും നൽകുമോ? | (ഡി) പത്ര ദൃശ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിലൂടെയും ഇത്തരത്തിലുള്ള സ്വകാര്യത നശിപ്പിക്കുന്ന ക്രിമിനലുകൾക്കെതിരെ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാനും നിയമ നടപടികൾ ആവശ്യമുള്ളവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിക്കുവാനുമായി അറിവും അവബോധവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ